പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1745 | 18-06-2012 -ൽ മറുപടിക്ക്.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ:<br><br>(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; | (എ) യും (ബി) യും ഉണ്ട്; 31-3-2012 വരെ നിലവിലുണ്ടായിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താൻ കഴിയാത്ത എൽ.ഐ.ജി./എം.ഐ.ജി./എച്ച്.ഐ.ജി. വരുമാന വിഭാഗത്തിൽപ്പെട്ട വായ്പാ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്കായി നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 01-6-2012 മുതൽ 30-9-2012 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം താഴെക്കാണുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്:<br>(1) ഹയർ പർച്ചേസ്/എച്ച്.ഐ.ജി./ ജെ.എച്ച്.എസ്. വായ്പകൾക്ക് മുടക്കപ്പലിശയുടെ 50% ഇളവും പിഴപ്പലിശയുടെ 100% ഇളവും.<br>(2)എം.ഐ.ജി./എൽ.ഐ.ജി. വായ്പകൾക്ക് മുടക്കപ്പലിശയുടെ 70% ഇളവും പിഴപ്പലിശയുടെ 100% ഇളവും. |

(3) കാലാവധി കഴിഞ്ഞ എൽ.ഐ.ജി. വായ്പകൾക്ക് മുടക്കപ്പലിശയുടെ 100% ഇളവും പിഴപ്പലിശയുടെ 100% ഇളവും.

(സി) റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്കും പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുമോ; വ്യക്തമാക്കുമോ?

(സി) ലഭിയ്ക്കും; റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്ക് കടബാദ്ധ്യത തീർത്ത് നടപടികളിൽ നിന്നും ഒഴിവാകുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്.